സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്ന പോലീസ് സൂപ്രണ്ട് ശ്രീ.ബിജോയ്. പി. യുടെ നിയമന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC **10154/17/Est-I** നന്തൻകോട്,02-03-2019

---

പരാമർശം :- 1) 28-04-2017 ലെ മേൽ നമ്പർ ബോർഡുത്തരവ്.

2) DBA 28/2018 ൽ ബഹു: ഹൈക്കോടതിയുടെ 20-12-2018 ലെ ഉത്തരവ്.

3) G:O (Rt) No. 464/2019/HOME, dated 15-02-2019.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ആയി പരാമർശം 1 പ്രകാരം 24-11-2017 മുതൽ ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്ന പോലീസ് സൂപ്രണ്ട് ശ്രീ. ബിജോയ്. പി. യുടെ സേവന കാലാവധി 23-11-2018 ൽ അവസാനിച്ചതിനെ തുടർന്ന് ആയത് 24-11-2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിരുന്നു. ആയതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി പരാമർശം 2 ആയി ലഭിച്ചു.

ശ്രീ. ബിജോയ്. പി. -യെ 24-11-2018 മുതൽ ഒരു വർഷത്തേക്ക് കൂടി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ആയി നിയോഗിക്കുന്നതിന് അനുവദിച്ച് പരാമർശം 3 സർക്കാർ ഉത്തരവും ലഭിച്ചു.

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്ന പോലീസ് സൂപ്രണ്ട് ശ്രീ. ബിജോയ്.പി. യുടെ നിയമന കാലാവധി നിലവിലെ വ്യവസ്ഥകൾ പ്രകാരം 24-11-2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്))
സെക്രട്ടറി

(മറുപുറം)

EOP

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ചീഫ് എഞ്ചിനീയർ
4. അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ് (ആമുഖ കത്ത് സഹിതം)
5. അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ് (ആമുഖ കത്ത് സഹിതം)
6. സ്റ്റേറ്റ് പോലീസ് ചീഫ്, കേരളം (ആമുഖ കത്ത് സഹിതം)
7. ജോയിന്റ് ഡയറകടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
8. ശ്രീ. ബിജോയ്. പി., സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി), തിരുവിതാംകൂർ ദേവസ്വം ബോർഡ്.
9. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി), തിരുവിതാംകൂർ ദേവസ്വം ബോർഡ്
10. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
11. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
12. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വകുപ്പ്
13. ഇ.ഡി.പി. സെക്ഷൻ
14. സെക്ഷൻ ഫയൽ
15. ഫയൽ ബുക്ക്
16. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Reginal

അസിസ്റ്റന്റ് സെക്രട്ടറി

SK